സമ്പാദ്യ പദ്ധതിയിലേയ്ക്ക് ധനം സമാഹരിക്കുന്ന ഈ പദ്ധതി അന്തരിച്ചുപോയ പ്രധാനമന്ത്രിയുടെ ഒരു പദ്ധതിയാണ്. ഇക്കാര്യത്തിൽ ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി താൽപ്പര്യം കാണിക്കണമെന്നഭ്യർത്ഥിക്കുകയാണ്.

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. തച്ചടി പ്രഭാകരൻ): സർ, മുവ്വായിരത്തിലധികം മഹിളാപ്രധാൻ ഏജൻറുമാർ ഇവിടെ പ്രവർത്തിക്കുന്നുണ്ട്. അവർ ശരിക്ക് പ്രവർത്തിക്കുകയാണെങ്കിൽ അവർക്ക് ഇന്ന് കിട്ടുന്ന കമ്മീഷൻകൊണ്ട് ഭംഗിയായി ജീവിക്കുവാനുള്ള സാഹചര്യമുണ്ട്. പതിനായിരം രൂപ കളക്ട് ചെയ്താൽ തൊള്ളായിരം രൂപ സ്റ്റേറ്റ് ഗവൺമെൻറിനേറെയും കേന്ദ്ര ഗവൺമെൻറിനേറെയുമായിട്ട് കമ്മീഷൻ ഉണ്ട്. പക്ഷേ പ്രവർത്തിക്കാതെ കാശ് കൊടുക്കണമെന്നു പറഞ്ഞാൽ പററില്ല. പ്രവർത്തിച്ചാൽ തൊള്ളായിരമല്ല 40,000 രൂപ വരെ പ്രതിവർഷം കിട്ടുന്ന മഹിളാപ്രധാൻ ഏജൻറൻമാരുണ്ട്. ഇവർ ഒന്ന് ശരിക്ക് പ്രവർത്തിച്ചാൽ മതി. അടുത്ത നിക്ഷേപ സമാഹരണത്തിൽ ഇവരെക്കൂടി പങ്കെടുപ്പിക്കാനുള്ള നടപടി സ്വീകരിക്കുന്നതാണ്. അഞ്ചുവർഷം കഴിഞ്ഞാൽ ഇവരെ ഗ്രാമവികസന വകുപ്പിൽ നിയമിക്കണമെന്നു പറഞ്ഞാൽ ബുദ്ധിമുട്ടാണ്. കാരണം ഗ്രാമവികസനവകുപ്പിലുള്ള നിയമനങ്ങളെല്ലാം നടത്തുന്നത് പി. എസ്. സി. യാണ്. ഗവൺമെൻറിന് അതിൽ ഒന്നും ചെയ്യാൻ കഴിയുകയില്ല.

(10) : കണ്ണൂരിലെ ഗവൺമെൻറ് പ്രസ്സിൻെറ ശോച്യാവസ്ഥ

ശ്രീ. പി. ജോസ്കരൻ: സർ, വർഷങ്ങളായി കണ്ണൂരിൽ പ്രവർത്തിക്കുന്ന ഗവൺമെൻറ് പ്രസ്സിൻെറ ശോചനീയാവസ്ഥ ബഹുമാനപ്പെട്ട വകുപ്പു മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. പ്രസ്സ് സെൻട്രൽ ജയിലിലായിരുന്നു പ്രവർത്തിച്ചിരുന്നത്. 1980-ൽ പുതിയ കെട്ടിടത്തിലേയ്ക്ക് മാറുകയുണ്ടായി. അവിടെ യാതൊരു സൗകര്യങ്ങളുമില്ല. അവിടെ സീലിംഗ് ഇല്ല, ഫാൻ ഇല്ല. ചൂട്. അനുഭവപ്പെടുകയാണ്. അതുകൊണ്ട് അടിയന്തിരമായി ഈ കെട്ടിടത്തിൻെറ അസൗകര്യങ്ങൾ തീർക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം. അതുപോലെതന്നെ അവിടെ വെള്ളം ഇല്ല. പ്രസ്സ് പ്രവർത്തിക്കാനാവശ്യമായ വെള്ളം കിട്ടുന്നില്ല. ഹൈലെവൽ വാട്ടർ ടാങ്ക് നിർമ്മിച്ച് ഇതിനൊരു പരിഹാരം ഉണ്ടാക്കണമെന്നഭ്യർത്ഥിക്കുന്നു. അതുപോലെതന്നെ അവിടെയുള്ള 50 ശതമാനം ജീവനക്കാരും മറ്റ് ജില്ലകളിൽ നിന്നു വന്നവരാണ്. അവർക്ക് താമസിക്കുന്നതിനുള്ള ക്വാർട്ടേഴ്സ് നിർമ്മിക്കുന്നതിനാവശ്യമായ അടിയന്തിര നടപടികളും സ്വീകരിക്കണമെന്നഭ്യർത്ഥിക്കുന്നു.

സഹകരണ വകുപ്പു മന്ത്രി (ശ്രീമതി എം. കമലം): സർ, കണ്ണൂർ ഗവൺമെൻറ് പ്രസ്സിലെ ജീവനക്കാരുടെ താമസ സൗകര്യം, വെള്ളത്തിനുള്ള ബുദ്ധിമുട്ട്, പ്രസ്സ് കെട്ടിടത്തിൻെറ ശോചനീയാവസ്ഥ തുടങ്ങിയ പ്രശ്നങ്ങളും പരിഹരിക്കുന്നതിനുള്ള ചില നിർദ്ദേശങ്ങളും ഡയറക്ടർ ഗവൺമെൻറിൽ സമർപ്പിച്ചിട്ടുണ്ട്. പ്രസ്സ് കെട്ടിടത്തിന് ഒരു എക്സോസ്റ്റ് ഫാൻ കൊടുക്കുന്നതിനും, ഈ ജോലികളൊക്കെ നടത്തിക്കൊണ്ടുവരാനും ഗവൺമെൻറ് തീരുമാനിച്ചപ്പോൾ 30-7-1983-ൽ ഉണ്ടായ ഗവൺമെൻറിൻെറ ചെലവുചുരുക്കൽ വന്നതുകൊണ്ട് ചില പ്രയാസങ്ങളും ഉണ്ടായിയെങ്കിലും ഇന്ന് അതിനുള്ള ചില നടപടികളും സ്വീകരിച്ചു വരികയാണ്. കണ്ണൂർ പ്രസ്സിൽ സീലിംഗിനുവേണ്ടി 1,66,000 രൂപയുടെ ഒരു എസ്റ്റിമേറ്റ് തയ്യാറായിട്ടുണ്ട്. ചീഫ്

LIBRARY ARCHIVES Kerala Legislative Assembly

എഞ്ചിനീയർ അതിനുള്ള നടപടികൾ എടുത്തുവരികയാണ്. 6.6.1986-ലെ കത്തിൽ നടപടികൾ എടുക്കുന്നു എന്ന് ചീഫ് എഞ്ചിനീയർ അറിയിച്ചിട്ടുണ്ട്. പുഴാതിയിൽ 4.07 ഏക്കർ സ്ഥലം എടുത്തിട്ടുണ്ട്. അവിടെ ജനറൽ ഫോർമാനും, അസിസ്റ്റൻറ് സൂപ്രണ്ടിനും, ടൈപ്പിസ്റ്റിനും ഓരോ ക്വാർട്ടേഴ്സ് പണിയുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. പുതിയ എസ്റ്റിമേറ്റ് ഉണ്ടാക്കുന്നതിനുള്ള നിർദ്ദേശം നോർത്ത് സർക്കിളിലെ സൂപ്രണ്ടിംഗ് എഞ്ചിനീയർക്ക് നൽകിയിട്ടുണ്ട്. ഈ കാര്യം സർക്കാർതലത്തിൽ പരിഗണിച്ച് വേണ്ട നടപടി വേഗത്തിൽ കൈക്കൊള്ളുന്നതാണ്.

(11) കണ്ണൂർ ജില്ലയിലെ തടവുകാർ അനുഭവിക്കുന്ന പ്രയാസങ്ങൾ

ശ്രീ. കെ. ടി. കുമാരൻ: സർ, കണ്ണൂർ ജില്ലയിൽ ഏതാണ്ട് 9,000-ത്തോളം വരുന്ന തടവുകാരുടെ ദുഃസ്ഥിതിയെ സംബന്ധിച്ചാണ്. ബന്ധപ്പെട്ട വകുപ്പുമന്ത്രിയുടെ ശ്രദ്ധ ക്ഷണിക്കുന്നത്. അവിടത്തെ തടവുകാർക്ക് ശുദ്ധജലം കിട്ടുന്നില്ല. നിലവിലുള്ള വാട്ടർ സപ്ലൈയെ സംബന്ധിച്ചിടത്തോളം പൈപ്പുകൾ തന്നെ പൊട്ടിത്തകർന്നുകിടക്കുന്നതുകൊണ്ട് ശുദ്ധജലം കിട്ടുന്നില്ല. അവർക്ക് ഭക്ഷണം പാകം ചെയ്യുന്നത് ബ്രിട്ടീഷ് ഗവൺമെൻറിൻറെ കാലത്ത് നൽകിയിട്ടുള്ള പാത്രങ്ങളിലാണ്. ചെമ്പു പാത്രങ്ങൾ ആകെ പൊട്ടിത്തകർന്ന് കേടു പറ്റിയവയാണ്. ഈയം പൂശാതെ കറ പിടിച്ച പാത്രങ്ങളിലാണ് ഭക്ഷണം പാകം ചെയ്തു കൊടുക്കുന്നത്. അതു പോലെ ഇരുമ്പുപാത്രങ്ങളിലും ഭക്ഷണം പാകം ചെയ്ത് കൊടുക്കുന്നുണ്ട്. അതിൻറെ ഫലമായിട്ട് പലവിധ രോഗങ്ങളും ഈ തടവുകാർക്ക് അനുഭവപ്പെടുന്നുണ്ട്. കഴിഞ്ഞ രണ്ടു വർഷം മുൻപ് എസ്റ്റിമേറ്റ് കമ്മിറ്റി ജയിൽ പരിശോധിക്കുകയുണ്ടായി. ബഹുമാനപ്പെട്ട സ്പീക്കർ ചെയർമാനായുള്ള കമ്മിറ്റിയാണ് പരിശോധിച്ചു റിപ്പോർട്ട് നൽകിയിരിക്കുന്നത്. ആ റിപ്പോർട്ട് ഇവിടെയുണ്ട്. പെറ്റീഷൻ കമ്മിറ്റിയും അവിടെപ്പോയി അന്വേഷണം നടത്തിയിട്ടുണ്ട്. പെറ്റീഷൻ കമ്മിറ്റിയുടെ റിപ്പോർട്ടും ഇവിടെയുണ്ട്. എല്ലാമുണ്ടായിട്ടും ഇന്നുവരെ ഭക്ഷണം പാകം ചെയ്യുന്ന പാത്രത്തെ സംബന്ധിച്ചും, ശുദ്ധജലം കിട്ടുന്നതിനുവേണ്ടിയുള്ള സംവിധാനത്തെക്കുറിച്ചും യാതൊരു നടപടിയും ഈ ഗവൺമെൻറ് സ്വീകരിച്ചില്ല; കുറ്റകരമായ അനാസ്ഥയാണ് ഇതുമൂലം ഉണ്ടായിട്ടുള്ളത്. അതുകൊണ്ട് അടിയന്തിരമായി ഈ കാര്യത്തെ സംബന്ധിച്ച് നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ): സർ, ഇപ്പോൾ നിലവിലുള്ള പാത്രങ്ങളുടെ കേടുപാട് തീർക്കുന്ന് ഏർപ്പാട് ചെയ്തിട്ടുണ്ട്. 15,000 രൂപ പുതിയ പാത്രങ്ങൾ വാങ്ങാൻവേണ്ടി സാംഗ്ഷൻ ചെയ്തിട്ടുണ്ട്. മഴ പെയ്തു തുടങ്ങിയതുകൊണ്ട് തൽക്കാലം വെള്ളത്തിന് ബുദ്ധിമുട്ടില്ല. എങ്കിലും അടുത്ത പ്രദേശങ്ങളിൽനിന്നും വെള്ളം പമ്പു ചെയ്തിട്ടാണ് വെള്ളം നൽകാറുള്ളത്. തീരെ വെള്ളമില്ലാത്ത അവസരത്തിൽ മുനിസിപ്പാലിറ്റിയിൽനിന്ന് സപ്ലൈ ചെയ്യാറാണ് പതിവ്. ബാക്കിയുള്ള കാര്യങ്ങൾ ശ്രദ്ധിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly